# ബാല്യക്കാരനുവേണ്ടി വിശ്വസിക്കുന്ന ശതാധിപൻ

## മത്തായി 8:8

**"അതിനു ശതാധിപൻ കർത്താവേ, നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല. ഒരു വാക്കുമാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും."**

ഹെരോദാ അന്തിപ്പാസിന്റെ ഒരു സേനാനായകനും, യിസ്രായേൽ പൗരത്വത്തോടു ബന്ധമില്ലാത്തവനുമായ ശതാധിപനും യേശുവും തമ്മിലുള്ള കൂടിക്കാഴ്ചയാണ് മത്തായി 8:5–13 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നത്. ജാതികൾക്ക് ലഭിക്കുന്ന അനുഗ്രഹത്തിന്റെ ഒരു ഉത്തമ ഉദാഹരണണാണ് ശതാധിപൻ. ലൂക്കോസ് 7:9 ൽ യേശു ശതാധിപന്റെ വിശ്വാസം കണ്ടിട്ട് അതിശയിച്ചു എന്നു പറയുന്നു. എന്നാൽ മർക്കോസ് 6:6 ൽ യഹൂദാജനത്തിന്റെ (ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ) അവിശ്വാസം നിമിത്തം യേശു അതിശയിക്കുന്നു. ശതാധിപന്റെ ബാല്യക്കാരന്റെ പക്ഷവാതം എന്ന രോഗത്തിൽ നിന്നുള്ള അത്ഭുതകരമായുള്ള സൗഖ്യം ചില പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

### 1. ബാല്യക്കാരനോട് സ്നേഹവും കരുണയും കാണിക്കുന്ന ശതാധിപൻ.

തന്റെ കീഴിലുള്ള ഒരു പടയാളി രോഗം വന്ന് പ്രയാസപ്പെടുമ്പോൾ അവനെ തള്ളിക്കളയാതെ, അവന്റെ അവസ്ഥ ഓർത്ത് സങ്കടപ്പെടുകയും, അവനെ സ്നേഹിക്കുകയും, അവനോട് കരുണ കാണിക്കുകയും ചെയ്യുന്ന ഒരു വ്യക്തിത്വത്തെ ശതാധിപനിൽ നാം കാണുന്നു. ദൈവസന്നിധിയിൽ തന്റെ സഹോദരങ്ങളുടെ ഭാരപ്പെടുന്ന വിഷയവുമായി കടന്നുചെന്ന് അപേക്ഷിക്കുന്ന ഏതൊരു വ്യക്തിയിലും ഈ സ്വഭാവഗുണം പ്രതിഫലിക്കേണ്ടതാണ്.

### 2. ബാല്യക്കാരനുവേണ്ടി വിശ്വാസം ഏറ്റുപറയുന്ന ശതാധിപൻ.

താൻ കത്താവിൽ വിശ്വസിച്ച് സൗഖ്യത്തിനായി അപേക്ഷിച്ചാൽ തന്റെ ബാല്യക്കാരൻ സൗഖ്യപ്പെടുമെന്ന് ശതാധിപൻ ആഴത്തിൽ വിശ്വസിച്ചിരുന്നു. തന്റെ വീട്ടിൽ വരുവാൻ മനസ്സ് കാണിക്കുന്ന യേശുവിനോട് തന്റെ അയോഗ്യത തുറന്നു പറയുവാനും, യേശുവിന്റെ ഒരു വാക്ക് മാത്രം മതി സൗഖ്യത്തിനായിട്ടെന്നും അദ്ദേഹം ഇവിടെ പ്രസ്താവിക്കുന്നു. മത്തായി 21:22 ൽ ''നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും'' എന്ന് കർത്താവ് പറയുന്നു. ഏതൊരു വ്യക്തിക്കുവേണ്ടിയും മറ്റൊരാൾക്ക് വിശ്വസിച്ച് വിടുതൽ ഏറ്റെടുക്കാൻ സാധിക്കുമെന്ന് ഈ വേദവാക്യം നമ്മെ ഉത്ബോധിപ്പിക്കുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥനയുടെ (intercessory prayer) ഒരു ഉത്തമ ഉദാഹരണമാണ് ശതാധിപന്റെ പ്രാർത്ഥന.

3. മത്തായി 8:13 ൽ യേശു ശതാധിപനോട് പോക, നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ എന്നു പറഞ്ഞു.

മർക്കോസ് 11:24 ൽ "അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിക്കുവിൻ, എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും". ഈ ലോകം മുഴുവൻ സൃഷ്ടിക്കുകയും, എല്ലാവരെയും പരിപാലിക്കുകയും, വഴിനടത്തുകയും ചെയ്യുന്നവനായ ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. പ്രാർത്ഥിക്കുന്ന ഏതൊരു വ്യക്തിയും ദൈവത്തിന്റെ അനന്തശക്തിയിലും, ഇല്ലാത്തതിനെ ഉളവാക്കുവാനുമുള്ള കഴിവിലും ബോധ്യപ്പെട്ട്, അത് ഹൃദയംകൊണ്ട് വിശ്വസിക്കേണ്ടതാകുന്നു. അങ്ങനെയെങ്കിൽ പ്രാർത്ഥനകൾക്ക് വ്യക്തമായ മറുപടി ലഭിക്കുമെന്ന് ഈ സൗഖ്യാനുഭവം നമുക്ക് ഉറപ്പു നൽകുന്നു.

പരാമർശം:

മത്തായി 9:2

അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവരുടെ വിശ്വാസം കണ്ടു പക്ഷവാതക്കാരനോടു: "മകനേ, ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 027**